# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.570 — 29.10.2019- ൽ മറുപടിക്ക്

## ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിൽ പുതുതായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>ബി) ആറ്റിങ്ങലിൽ ആരംഭിക്കുന്ന പദ്ധതികൾ നിലവിൽ സംസ്ഥാനത്ത് മറ്റ് എവിടെയെല്ലാമാണ് ഉള്ളത്; പദ്ധതിയുടെ ഗുണഫലം പ്രതിവർഷം എത്ര പേർക്ക് ലഭ്യമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | എ)<br>&<br>ബി) | ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് MSME-DI യുടെ കീഴിലുള്ള PPDC (Process & Product Development Centre)Agra - താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു.<br>1. പ്രെസിഷൻ മെഷിനറി വർക്ക്ഷോപ്പ് (Precision Machinery Workshop)<br>2. CAD / CAM ലാബ്. (Computer Aided Design and Computer Aided Manufacture Lab)<br>3. പ്ലാന്റ് ആന്റ് മെഷിനറീസ് ഫോർ സ്കിൽ ഫെസിലിറ്റീസ് ഫോർ റബ്ബർ സെക്ടർ (Plant and Machineries for Skill Facilities for Rubber Sector) - എന്നിവയുള്ള കോമൺ ഫെസിലിറ്റി സെന്റർ. ഈ പദ്ധതികൾ നിലവിൽസംസ്ഥാനത്ത് മറ്റെവിടെയും ഇല്ല. എന്നാൽ സമാന പദ്ധതികൾ Agro-Rural, Solar and Rubber എന്നീ മേഖലകളിൽ തിരുവല്ല, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ തുടങ്ങുവാൻ MSME-DI തീരുമാനിച്ചിരിക്കുകയാണ്. പ്രതിവർഷം ഏകദേശം 750 അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കും 100 MSME കൾക്കും പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്. |
| സി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് 27.08.2019-ൽ നടന്ന ഉന്നത തല യോഗത്തിലെ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് സ്റ്റീൽ കോംപ്ലക്സ് കെട്ടിടങ്ങളും പരിസരവും ശുചീകരിക്കുകയും, അത്യാവശ്യമുള്ള അറ്റകുറ്റ പണികൾ തീർക്കുകയും, വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ